K23P 3232

Reg. No. : ..............................

Name : ..................................

**First Semester M.A. Degree (CBSS – Supple. (One Time Mercy Chance)/ Imp.) Examination, October 2023**
**(2014 to 2022 Admissions)**
**MALAYALAM LANGUAGE AND LITERATURE**
**MAL 1C 01 : Ancient and Medieval Literature**

Time : 3 Hours                                                                 Max. Marks : 80

I. **1 – 5** വരെ ചോദ്യങ്ങൾക്ക് **രണ്ടു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക. (**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക).

1) ''കുറ്റമല്ലരികൾ വേന്തൻ കുഴുമിയനാടു വാഴ്വു
പെറ്റതുമിവൾ നിമിത്തം; പിഴൈയുറും വാലി വാണാൾ
അറ്റതു; മിലങ്കവേന്തനനന്തകൻ കോയിൽ നന്റാ
യുറ്റവരോടും കൂടിയുറൈന്തതുമരചനമ്പാൽ'' – ആശയം വ്യക്തമാക്കുക.

2) ''കല്ലിനെപ്പെരിയ കായലാക്കലാം
കായലെപ്പെരിയ കല്ലുമാക്കലാം
വല്ലവാറു പലനാളുഴയ്ക്കിലും
വല്ലുവാനരിയതൊന്റു വൈശികം'' – ആശയം വ്യക്തമാക്കുക.

3) ''വിദ്യകൊണ്ടതറിയാതറിയാതെ
വിദ്വാനെന്നു നടിയ്ക്കുന്നിതു ചിലർ'' – ആശയം വ്യക്തമാക്കുക.

4) 'തിരുനിഴൽമാല' എന്ന പദത്തിന്റെ നിരുക്താർത്ഥം വിശദീകരിക്കുക.

5) കാളിന്ദി നദിയുടെ കാന്തിയെ ചെറുശ്ശേരി വർണ്ണിക്കുന്നതെങ്ങനെ ? **(5×4=20)**

P.T.O.



II. **6** മുതൽ **10** വരെയുള്ള ചോദ്യങ്ങൾക്ക് **നാലു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) യാദവവംശം നശിക്കാനുള്ള കാരണങ്ങൾ മൗസല പർവ്വത്തിൽ വിവരിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

b) മലയാള സാഹിത്യത്തിൽ രാമചരിതത്തിനും തിരുനിഴൽമാലക്കുമുള്ള പ്രാധാന്യം വ്യക്തമാക്കുക.

7) a) ഭാഷാ നൈഷധം ചമ്പുവിന്റെ സവിശേഷതകൾ വിശദമാക്കുക.

**അല്ലെങ്കിൽ**

b) മാപ്പിളപ്പാട്ടുകളിലെ സാമൂഹ്യ ജീവിതചിത്രണം മൊഹിയുദ്ദീൻ മാലയെ മുൻനിർത്തി വിശദമാക്കുക.

8) a) ചിരാമ കവി രാമചരിതത്തിന്റെ രചനാവേളയിൽ വാത്മീകിരാമായണത്തെ മാത്രമല്ല മറ്റ് കൃതികളെയും ഉപജീവിച്ചിട്ടുണ്ട്. ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) ചമ്പൂ കാവ്യങ്ങളിലെ ദേശചരിത്രവർണ്ണനകൾക്കുദാഹരണമാണ് ഉണ്ണിയാടി ചരിതത്തിലെ 'മറ്റം' വർണ്ണന. വിലയിരുത്തുക.

9) a) നളചരിതത്തിലെ നാടകീയത മൂന്നാം ദിവസത്തെ മുൻനിർത്തി വിശദമാക്കുക.

**അല്ലെങ്കിൽ**

b) മണിപ്രവാള സാഹിത്യത്തിൽ വൈശിക തന്ത്രത്തിനുള്ള സ്ഥാനമെന്തെന്ന് വിവരിക്കുക.

10) a) പ്രാചീന ചമ്പുക്കളുടെ സാമാന്യസ്വഭാവം വിവരിക്കുക.

**അല്ലെങ്കിൽ**

b) വിരഹഭാവം ചെറിയച്ഛിയിലെ പ്രകൃതിവർണ്ണനകളിൽ കവി എപ്രകാരം സന്നിവേശിപ്പിച്ചിരിക്കുന്നു ? വിശദമാക്കുക. **(5×6=30)**



III. **11** മുതൽ **13** വരെയുള്ള ചോദ്യങ്ങൾക്ക് **ആറു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) സന്ദേശകാവ്യങ്ങളിലെ ചരിത്രപരവും സാമൂഹികവുമായ അംശങ്ങളെ വിലയിരുത്തുക.

**അല്ലെങ്കിൽ**

b) മലയാള കവിതയ്ക്കു മാതൃകാപരമായ സത്തയും ശൈലിയും നൽകുന്നതോടൊപ്പം ആത്മബോധം പകർന്ന കാവ്യം കൂടിയാണ് മഹാഭാരതം കിളിപ്പാട്ട് – ചർച്ച ചെയ്യുക.

12) a) പ്രാചീന ചമ്പുക്കളിൽ നിന്ന് മധ്യകാല ചമ്പുക്കളിലേക്കെത്തുമ്പോഴുള്ള സാംസ്കാരിക മാറ്റം ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) ഭക്തിയും സാരള്യവും ഗഹനമായ തത്വചിന്തയും ഒത്തിണങ്ങിയ കാവ്യമാണ് ജ്ഞാനപ്പാന – സമർത്ഥിക്കുക.

13) a) രാമചരിതത്തിൽ നിന്ന് കണ്ണശകൃതികളിലേക്കെത്തുമ്പോൾ ഉണ്ടായ ഭാഷാ പരിണാമം ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) പാട്ടും മണിപ്രവാളവും വിഭിന്ന സംസ്കാരത്തെ പ്രതിനിധീകരിക്കുന്ന സാഹിത്യ പ്രസ്ഥാനങ്ങളാണെന്നു പറയുന്നതെന്തുകൊണ്ട് ? **(3×10=30)**

______________